**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്കായ ശ്രീ.കെ.വി.രാജേന്ദ്രന്റെ ഭാര്യയുടെ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് പത്തനംതിട്ട എം.ജി.എം മുത്തൂറ്റ് മെഡിക്കൽ സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. **864/2018/തസ്വഭവ .** **തീയതി, തിരുവനന്തപുരം, 23.03.2018.**

---

പരാമർശം : 1) 11/07/2012 ലെ 26423/G2/2012/H&FWD നമ്പർ സർക്കുലർ.
2) ശ്രീ.കെ.വി.രാജേന്ദ്രന്റെ 18/05/2015 ലെ അപേക്ഷയും ബില്ലുകളും.
3) പഞ്ചായത്ത് ഡയറക്ടറുടെ 15/12/2015,08/02/2018 എന്നീ തീയതികളിലെ എഫ്2-23280/2015 നമ്പർ കത്തുകൾ.
4) ചിറ്റാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08/06/2015 ലെ XI-ാം നമ്പർ തീരുമാനം.
5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28/03/2017 ലെ എം.ആർ 4(എൽ.ഡിസ്)- 457/2017/ആ.വ.ഡ നം. കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്കായ ശ്രീ.കെ.വി.രാജേന്ദ്രന്റെ ഭാര്യയുടെ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് പത്തനംതിട്ട എം.ജി.എം മുത്തൂറ്റ് മെഡിക്കൽ സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് നേരിട്ട ചികിൽസാ ചെലവിൽ 2,04,943/- രൂപ (രൂപാ രണ്ടുലക്ഷത്തി നാലായിരത്തിത്തൊള്ളായിരത്തി നാല്പത്തിമൂന്ന് മാത്രം) അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 1,63,954/- രൂപ (ഒരു ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരിത്തി അൻപത്തിനാല് രൂപാ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ

അറിയിച്ചിട്ടുണ്ട്. തുക ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിലെ ശ്രീ.കെ.വി.രാജേന്ദ്രന്റെ ഭാര്യയുടെ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് പത്തനംതിട്ട എം.ജി.എം മുത്തൂറ്റ് മെഡിക്കൽ സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 2,04,943/- രൂപയുടെ 80% ആയ 1,63,954/- രൂപ (ഒരു ലക്ഷത്തി ആറുപത്തി മൂവായിരത്തി തൊള്ളായിരിത്തി അമ്പത്തിനാല് രൂപാ മാത്രം) 1960 ലെ KGSMA റൂൾസിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട . (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, ചിറ്റാർ ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട . (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ), കേരള.
ശ്രീ.കെ.വി.രാജേന്ദ്രൻ, ചിറ്റാർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ആരോഗ്യകുടുംബക്ഷേമ വകുപ്പ് (15/11/2016 ലെ 620072/G2/2016/H&FWD പ്രകാരം)
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.381384/EPA3/16/LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ